ഉത്തരം

(എ) ഒരു ഡിപ്പോയും/സബ് ഡിപ്പോയും നിർത്തലാക്കിയിട്ടില്ല. ഭരണപരമായ സൗകര്യങ്ങൾക്കായി 17 സബ് ഡിപ്പോകളിലെ യൂണിറ്റ് ഓഫീസർമാരെ പിൻവലിക്കുകയും അവയുടെ അധികചുമതല സമീപ ഡിപ്പോയിലെ യൂണിറ്റ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 17 സബ് ഡിപ്പോകളിലും യൂണിറ്റ് ആഫീസർമാരെ നിയമിക്കുകയും അവർക്ക് സ്വതന്ത്ര ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി സബ് ഡിപ്പോകൾ തുറന്നിട്ടില്ല.

(സി) മേയ് 2001 മുതൽ ആഗസ്റ്റ് വരെ നഷ്ടത്തിൽ ഓടിയിരുന്ന 302 സർവ്വീസുകൾ റദ്ദു ചെയ്തിട്ടുണ്ട്. 242 സർവ്വീസുകൾ പകരമായി പുനരാരംഭിക്കുകയുണ്ടായിട്ടുണ്ട്. സെപ്റ്റംബർ 5-നു ശേഷം ഒരു സർവ്വീസും റദ്ദുചെയ്തിട്ടില്ല. എന്നാൽ പുതുതായി 273 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വിവിധ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി 114 ബസ്സുകൾ ഉണ്ട്. കൂടാതെ ചെറിയ അറ്റകുറ്റപ്പണികൾക്കായി വിവിധ ഡിപ്പോ ഗാരേജുകളിൽ 388 ബസ്സുകൾ ഉണ്ട്. ഇവ ഉടനെ പണിചെയ്ത് നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് 464 സ്പെയർ ബസ്സുകൾ ഉള്ളതുകൊണ്ട് മേൽപ്പറഞ്ഞ ബസ്സുകൾ വർക്ക്ഷോപ്പിൽ കിടക്കുന്നതുകൊണ്ട് സർവ്വീസിനെ ബാധിക്കുന്നില്ല.

സ്പെയർ പാർട്ട്സും കെ.എസ്.ആർ.ടി.സി. സർവ്വീസും

88 [1294] കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പെയർ പാർട്ട്സുകളുടെ കുറവുനിമിത്തം ഗ്യാരേജുകളിൽ കിടക്കുന്ന ബസ്സുകളുടെ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ഉണ്ട്. ആവശ്യാനുസരണമുള്ള സ്പെയർ പാർട്ട്സുകൾ ഗ്യാരേജുകളിൽ എത്തിക്കുവാനും അങ്ങനെ സ്പെയർ പാർട്ട്സിന്റെ കുറവുകൊണ്ട് ഗ്യാരേജുകളിൽ കിടക്കുന്ന ബസ്സുകൾ സർവ്വീസ് യോഗ്യമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അത്യാവശ്യമുള്ള സ്പെയർ പാർട്ട്സുകൾ ലോക്കൽ പർച്ചേസ് മുഖേന വാങ്ങുന്നതിന് യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly